# ക്രിസ്തുമസ് മരത്തണലിൽ ഇത്തിരി നേരം

**സരോജ വർഗീസ് , ന്യൂയോർക്ക്**



മഞ്ഞും കുളിരുമായി ക്രിസ്തുമസ് മാസം പിറന്നു. ആഹ്ലാദത്തിന്റെ അലയൊലികൾ എങ്ങും നിറഞ്ഞു. ദൈവപുത്രനെ എതിരേൽക്കാൻ മാലാഖമാർ പാടിയ പാട്ടിന്റെ ഈണം പോലെ ക്രിസ്തുമസ് കരോൾ കേട്ടു തുടങ്ങി. ഉത്സാഹത്തിന്റേയും സന്തോഷത്തിന്റേയും നാളുകൾ തുടങ്ങുകയായി. ദൈവം മനുഷ്യനായി അവതരിച്ച ആ ദിവ്യദിനം ആർഭാടമായി ആഘോഷിക്കാൻ സമസ്തലോകവും തയ്യാറെടുക്കയാണ്. ക്രിസ്തുദേവന്റെ ജനനം മനുഷ്യനു ലഭിച്ച ഔന്നത്യത്തിന്റേയും മഹത്വത്തിന്റേയും പ്രതീകമാണ്.

***"എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു"*** യേശുദേവൻ മനുഷ്യനു നൽകിയ വിലയേറിയ വാഗ്ദാനം. എന്നാൽ ഇന്ന് നമുക്ക് ചുറ്റും അശാന്തിയുടെ ഭീകരങ്ങളായ ദുരന്തങ്ങളാണ് സംഭവിക്കുന്നത്. എന്തുകൊണ്ടാണു മനുഷ്യനു സമാധാനം നഷ്ടപ്പെടുന്നത്? ദൈവത്തിൽ നിന്നും മനുഷ്യനു കിട്ടിയ പത്തു കൽപ്പനകൾ അനുസരിച്ച് ജീവിക്കാൻ അവനു കഴിയുന്നില്ല. ജാതിയുടേയും മതത്തിന്റേയും പേരിൽ മനുഷ്യർ പരസ്പരം വെറുക്കുന്നു. വ്യക്തി ബന്ധങ്ങൾ മാനിക്കപ്പെടേണ്ടതിനായി പാലങ്ങൾ പണിയാതെ മതിലുകൾ കെട്ടിപ്പൊക്കുകയാണ് ഇന്നത്തെ മനുഷ്യർ. എല്ലാവർക്കും സമാധാനം വേണമെന്നാഗ്രഹമുണ്ട്. എന്നാൽ ലോകത്തിന്റെ പ്രലോഭനങ്ങളിൽ വശംവദരായി അവർ അവരുടെ ശാന്തി നഷ്ടപ്പെടുത്തുന്നു. മനുഷ്യൻ ഒരു സമൂഹജീവിയാണ്. അതുകൊണ്ട് ഒരാൾ ചെയ്യുന്ന തെറ്റുകൾ മുഴുവൻ സമൂഹത്തെ ബാധിക്കുന്നു. തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്ത് നന്മയുടെ വഴിയിലേക്ക് നീങ്ങുന്നതിനുള്ള ഉദാഹരണങ്ങളും യേശുദേവൻ നമുക്ക് കാണിച്ച് തന്നിട്ടുണ്ട്. എന്നാൽ ചപല വികാരങ്ങൾക്കടിമകളായി നല്ല ദിവസങ്ങളെ നഷ്ടപ്പെടുത്തുകയാണു മനുഷ്യർ.

ക്രിസ്തുമസ് മരവും, അതിൽ തൂക്കിയിടുന്ന അലങ്കാരങ്ങളും, ഭക്തിയോടെ ചൊല്ലുന്ന സ്തുതി ഗീതങ്ങളും വാണിജ്യപരമായ നേട്ടങ്ങൾക്കും വെറും വിനോദത്തിനുമാകുമ്പോഴാണു ക്രിസ്തുമസ്സിന്റെ വിശുദ്ധി നഷ്ടപ്പെടുന്നത്. വീടും പരിസരങ്ങളും അതിനപ്പുറത്തുള്ള ലോകവും അണിഞ്ഞൊരുങ്ങുന്നു. അതു ഉപരിപ്ലവമായ ഒരു പ്രകടനമാകരുത് ഹ്രുദയത്തിലും അതേപോലെ അണിഞ്ഞൊരുങ്ങേണ്ടതുണ്ട്. "ഞാൻ നിത്യജീവന്നു

അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം എന്നു ചോദിച്ച ഒരു ന്യായശാസ്ത്രിയോട് (ലൂക്കോസ് 10:25–27) കർത്താവ് ചോദിച്ചു "ന്യായപ്രമാണത്തിൽ എന്തു എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു". അതിനു മറുടിയായി അവൻ: "നിൻെറ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം, നിൻെറ കൂട്ടുകാരനെ നിന്നെ പോലെ സ്നേഹിക്കണം" കർത്താവ്: "നീ പറഞ്ഞ ഉത്തരം ശരി, അങ്ങനെ ചെയ്ക, എന്നാൽ നീ ജീവിക്കും".

എല്ലാവരും ദൈവവചനങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതു വേണ്ടപോലെ ഉൾക്കൊള്ളുന്നില്ല. ശാന്തിയും സമാധാനവുമില്ലെന്ന് മുറവിളി കൂട്ടി നടക്കുന്നവരും ഒരു നിമിഷം ചിന്തിക്കാൻ വേണ്ടി ഉപയോഗിച്ചാൽ അവർക്ക് ഉത്തരം കണ്ടെത്താം. പത്തു കൽപ്പനകളോരോന്നും വായിക്കുമ്പോൾ നമ്മൾ തന്നെ നമ്മേ ഒരു ആത്മപരിശോധന നടത്തുക. ഏതെങ്കിലും ഒന്നു ലംഘിക്കുമ്പോൾ നമ്മുടെ സമാധാനം നഷ്ടപ്പെടുന്നു. ക്രിസ്തുമസ് കാലം എല്ലാം ഒന്നു പുന:പരിശോധിക്കാൻ അവസരം നൽകുന്നു. കട കമ്പോളങ്ങൾ ആഘോഷസാമഗ്രികളും, നല്ല ഭക്ഷണവും ഒരുക്കുമ്പോൾ ഒപ്പം ഒരു "വചന വിരുന്ന്" നമ്മൾ ഒരുക്കണം. അതിൻെറ ചേരുവകൾ വളരെ ലളിതമാണു. വിശുദ്ധ വേദപുസ്തകത്തിലെ തിരുവചനങ്ങൾ മനസ്സിലാക്കി അതു പോലെ ജീവിതം നയിക്കുക എന്നതാണു ആ വിരുന്നിൻെറ പാചക വിധി. കർത്താവിൻെറ തിരുവചനങ്ങൾ എല്ലാ നാളിലും പ്രത്യേകിച്ച് അവൻെറ തിരുന്നാളിൽ വായിക്കുകയും, ഓർമ്മിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുമ്പോൾ ഈ ക്രിസ്തുമസ് കൂടുതൽ അർത്ഥപൂർണ്ണമായി.

കാൽനട യാത്രയിൽ ഒരു മരത്തണൽ എത്രയോ ആശ്വാസം തരുന്നു. പൂക്കളും, പഴങ്ങളും നൽകി അത് പഥികരെ സന്തോഷിപ്പിക്കുന്നു. ഈ ലോകത്തിലെ നമ്മുടെ ഇത്തിരി നേരം യേശുവാകുന്ന മരത്തിൻെറ തണലിൽ സുരക്ഷിതരാകുക. ക്രിസ്തുമസ് മരത്തണലിൽ, യേശുവിൻെറ മരത്തണലിൽ ആശ്വാസം കണ്ടെത്തുക. അവനായി ഹൃദയമൊരുക്കുക. ഈ ക്രിസ്തുമസ് എല്ലാ വായനകാർക്കും ശാന്തിയും, സന്തോഷവും പ്രദാനം ചെയ്യട്ടെ.

*******************